കാണുന്നു. റിട്രഞ്ചുമെൻറ് കമ്മിറ്റിയുടെ റിപ്പോർട്ട് എന്നാണ് കിട്ടിയത്?

MR. R. NILAKANTA PILLAI (*Financial Secretary to Government*): റിട്രഞ്ചുമെൻറുകമ്മിറ്റിയുടെ റിപ്പോർട്ട് വച്ചുകൊണ്ടല്ല ഈ ഭേദഗതി കഠം ചെയ്യേണ്ടതായിവന്നത്. ഓരൊ ഡിപ്പാർട്ടുമെൻറിനെയുംപറ്റിയുള്ള ജനറൽ കോസ്റ്റിൻസ കമ്മിറ്റി തീർച്ചപ്പെടുത്തി ഗവണ്മെൻറിലേക്കയക്കയും ഗവണ്മെൻറ് അപ്പോഴപ്പോൾ അതിന്മേൽ ആർഡർ പാസാക്കുകയും ചെയ്തു. കഴിഞ്ഞ കുംഭം ൨൭-ാം-ക്കും ഇടവം ൨൭-ാം-ക്കും മറ്റൊ പല ഡിപ്പാർട്ടുമെൻറുകളെപ്പറ്റിയും ആഡേർസു വന്നിട്ടുണ്ട്. അതുരണ്ടും സിവിൽലിസ്റ്റിൽ ചേർക്കാൻ സാവകാശം താമസം ഉണ്ടായി.

MR. RAMA VARAMA RAJA (*Edavagai*): എന്നാണ് ഇതു പ്രസ്സിലേക്കയച്ചത്?

MR. R. NILAKANTA PILLAI (*Financial Secretary to Government*): ഇടവമാസം ആദ്യം അയച്ചു.

MR. RAMA VARMA RAJA (*Edavagai*): ഇതു കിട്ടിയത് ൧൦-൧൧-൧൧ ൦-ലാണെന്നു പറയുന്നു.

MR. R. NILAKANTA PILLAI (*Financial Secretary to Government*): അതു ഓരോരുത്തക്കും അയച്ചുതീയതിയായിരുന്നു.

MR. RAMA VARMA RAJA (*Edavagai*): എനിക്കു ൧൭-൧൧-൧൦ ൭ൽ ആണല്ലൊ കിട്ടിയത്.

MR. R. NILAKANTA PILLAI (*Financial Secretary to Government*): മെമ്പർ പറയുന്നതു ശരിയായിരിക്കും. ഇത്തവണ അയച്ചതു കുറെ താമസിച്ചാണ്.

Opening of a land route between Alleppey and the mainland.

221 MR. P. S. MAHOMED (*Nominated*): Will the Government be pleased to state how far the proposal of opening a land route between Alleppey and the mainland has progressed?

MR. A. KUMARA PILLAI (*Secretary to Government*): The member is referred to the answer given to question No. 37, asked by Mr. Tariatu Kunjitomman at the meeting of the Council held on the 31st July 1931. The matter has not since been considered.

Appointments made in the Education Department during 1105 and 1106.

222. MR. P. S. MAHOMED (*Nominated*): Will the Government be pleased to state the number of appointments made during 1105 and 1106 in the following sections of the Education Department and the number of Muslims who got such appointments;—

LIBRARY ARCHIVES Kerala Legislative Assembly

(i) Collegiate section;
(ii) English School section; and
(iii) Vernacular School section?

MR. K. GEORGE (*Chief Secretary to Government*). The information required by the member is given below:—

Section.	*No. of appointments made during*		*No. of Muslims appointed in*	
	1105	*1106*	*1105*	*1106*
(i) Collegiate section	17	18	2	Nil
(ii) English School section	8	21	Nil	1
(iii) Vernacular School section	982	1,380	26	22

MR. P. S. MAHOMED (*Nominated*): കൊളിജിയേറ്റ് സെക്ഷനിൽ ക്ലാസ് 8-ൽ രണ്ട് മുസ്ലിങ്ങളെ നിയമിച്ചിട്ടുള്ളതായിട്ട് കാണുന്നു. അവരെ ഏതുദ്യോഗത്തിലാണു നിയമിച്ചതെന്നു പറയുവാൻ ദയവുണ്ടാകുമോ?

MR. K. GEORGE (*Chief Secretary to Government*): അറിഞ്ഞുകൂടാ.

MR. P. S. MAHOMED (*Nominated*): ഈ സെക്ഷനിൽ തന്നെ ക്ലാസ് 7-ൽ 72 പേരെ നിയമിച്ചതിൽ മുസ്ലിങ്ങൾ ആരുംതന്നെയില്ല. അതിന് കാരണമെന്താണ്?

MR. K. GEORGE (*Chief Secretary to Government*): അതും അറിഞ്ഞുകൂടാ.

MR. P. S. MAHOMED (*Nominated*): വെർണാക്കുലർ സ്കൂൾസെക്ഷനിൽ ക്ലാസ് 8-ൽ 18-ം ക്ലാസ് 7-ൽ 72-ം നിയമനങ്ങൾ നടത്തിയതിൽ ക്ലാസ് 8-ൽ 1-ം ക്ലാസ് 7-ൽ 2-ം നിയമനങ്ങൾ മാത്രമേ മഹമ്മദീയർക്കു കിട്ടിയിട്ടുള്ളൂ. ഇതിൽനിന്നു മഹമ്മദീയരുടെ അവകാശങ്ങളെ ഒരു ഗണ്യമായനിലയിൽ അവഗണിച്ചു എന്നുകാണാൻ കഴിയുകയില്ലെ?

MR. K. GEORGE (*Chief Secretary to Government*): അതു മെമ്പരുടെ അഭിപ്രായമാണ്.

MR. P. S. MAHOMED (*Nominated*): ഇതിൽനിന്നു കാണുന്നതു് അങ്ങനെയല്ലെ എന്നാണ് ചോദിക്കുന്നതു്?

MR. K. GEORGE (*Chief Secretary to Government*): അതു കാണുന്നതിൽ കാണുന്നതുപോലെ കാണാം.

LIBRARY ARCHIVES Kerala Legislative Assembly